പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.824

30.06.2011-ൽ
മറുപടി നൽകേണ്ടത്

## ടാറ്റായുടെ കൈവശമുള്ള അനധികൃത ഭൂമി

ചോദ്യം

ശ്രീ. കെ.ശിവദാസൻ നായർ

(എ) ടാറ്റായുടെ കൈവശം സംസ്ഥാനത്ത് അനധികൃത ഭൂമി ഉള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

മറുപടി

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
( റവന്യൂ വകുപ്പ് മന്ത്രി)

(എ) യും (ബി) യും:

ഉണ്ട്. ടാറ്റായുടെ കൈയ്യേറ്റം സ്ഥിരീകരിക്കുന്നതിനായി കെ.ഡി.എച്ച്. വില്ലേജിൽ ഭൂമി കേരളം മുഖേന സർവ്വേ നടന്നുവരുന്നു. സർവ്വേ പൂർത്തിയായ ശേഷം ടാറ്റാ ടീ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിയമപരമായി കമ്പനിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 10.11.2010-ലെ സർക്കാർ ഉത്തരവ് (സാധ) നം. 4851/10/ റവ പ്രകാരം കെ.ഡി.എച്ച്. വില്ലേജ് വെരിഫിക്കേഷൻ സർവ്വേ ഭൂമി കേരളം പദ്ധതി ചെയ്തുവരുന്നു. 1974, 1976 എന്നീ കാലഘട്ടങ്ങളിൽ സർവ്വേ വകുപ്പ് തയ്യാറാക്കിയ റീസർവ്വേ റിക്കാർഡുകളുടെ വെരിഫിക്കേഷൻ ജോലികളാണ് നടക്കുന്നത്. ഇതിനായി Geo referencing with high resolution satelite image ഉം 1928 ലെ ഒറിജിനൽ സർവ്വേ റിക്കാർഡുകളും ഉപയോഗിച്ച് സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസിന്റെ സഹായത്തോടും കൂടിയാണ് വെരിഫിക്കേഷൻ സർവ്വേ നടത്തുന്നത്.

സെക്ഷൻ ഓഫീസർ